## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 748** **29.11.2018 -ൽ മറുപടിയ്ക്ക്**

**മണിയാർ ടൂറിസം പദ്ധതി**

ചോദ്യം — ശ്രീ.രാജു എബ്രഹാം :

മറുപടി — ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മണിയാർ ടൂറിസം പദ്ധതിക്ക് കിഫ്ബിഫണ്ട് ലഭ്യമാക്കുന്നതിനായി പൊതുമേഖല സ്ഥാപനമായ കെൽ തയ്യാറാക്കി നൽകിയ പ്രോജക്ട് ഇപ്പോൾ ആരുടെ പക്കലാണുള്ളത്; | എ) & ബി) | മണിയാർ ടൂറിസം പദ്ധതി ക്ക് കിഫ്ബി ഫണ്ട് ലഭ്യമാക്കുന്നതിനായി കേരളാ ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി തയ്യാറാക്കി നൽകിയ രൂപരേഖ സർക്കാർ പരിശോധിച്ച് വരുന്നു. കൂടാതെ ടൂറിസം പദ്ധതികളുടെ അടിസ്ഥാന സൗകര്യവികസനത്തിനും മറ്റുമായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ 750 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി വിനിയോഗിക്കാമോ എന്നും ഇതു സാധ്യമല്ലെങ്കിൽ പുതിയ സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തി മണിയാർ ടൂറിസം പദ്ധതിക്ക് കിഫ്ബിയിൽ നിന്നും തുക ലഭ്യമാകുമോ എന്നുമുള്ള വിഷയങ്ങളും പരിശോധിക്കുന്നതിന് ടൂറിസം ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) | ഈ പ്രോജക്ടിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; കിഫ്ബി അനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ